(സി) പ്രസ്തുത കെട്ടിടം മ്യൂസിയമാക്കുമ്പോൾ എന്തെല്ലാം പദ്ധതികളാണ് അതിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ)—(സി) ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതാണ്.

പല്ലനയിലെ ബ്രിഡ്ജ് മ്യൂസിയം

76 [2462] *ശ്രീ. ഡി. സുഗതൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഹാകവി കുമാരനാശാന്റെ സ്മരണാർത്ഥം പല്ലനയിൽ മുൻ യു. ഡി. എഫ്. സർക്കാരിന്റെ കാലത്ത് തറക്കല്ലിട്ട ബ്രിഡ്ജ് മ്യൂസിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ എവിടെവരെയായി എന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത ബ്രിഡ്ജ് മ്യൂസിയം എന്ന് നിർമ്മാണം പൂർത്തിയാക്കി പ്രവർത്തനം ആരംഭിക്കുമെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) & (ബി) വിവരം ശേഖരിച്ചുനൽകുന്നതാണ്.

കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനമന്ദിരം പുതുക്കിപ്പണിയുന്നതിനുള്ള നടപടി

77 [2463] *ശ്രീ. എം. വി. ജയരാജൻ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫോക്‌ലോർ അക്കാദമിയുടെ ആസ്ഥാനമന്ദിരത്തിന്റെ പഴമ നിലനിർത്തിക്കൊണ്ട് പുതുക്കിപ്പണിയുന്നതിന് എന്തെങ്കിലും പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) 8,25,000 രൂപ ചെലവുവരുന്ന പ്രവൃത്തിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

'കുടുംബശ്രീയിലൂടെ സ്ത്രീ ശാക്തീകരണം'— കിർത്താഡ്സിന്റെ പ്രവർത്തനം

78 [2464] *ഡോ. തോമസ് ഐസക്:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടികസമുദായക്ഷേമവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 'കുടുംബശ്രീയിലൂടെ സ്ത്രീ ശാക്തീകരണം' എന്ന വിഷയത്തിൽ കിർത്താഡ്സ് പഠനം നടത്തിയിട്ടുണ്ടോ;

(ബി) എങ്കിൽ ഈ പഠനത്തിന്റെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെ എന്ന് വിശദമാക്കുമോ;

(സി) പഠന റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) & (സി) ചോദ്യം ഉദിക്കുന്നില്ല.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

(നക്ഷത്രചിഹ്നമിടാത്ത 2309, 2312, 2323, 2327, 2330, 2335, 2336, 2337, 2338, 2339, 2340, 2341, 2343, 2345, 2346, 2347, 2348, 2349, 2350, 2351, 2352, 2353, 2355, 2356, 2357, 2358, 2359, 2360, 2361, 2364, 2365, 2267, 2368, 2369, 2370, 2371, 2372, 2373, 2374, 2380, 2381, 2395, 2396, 2398, 2399, 2400, 2401, 2403, 2404, 2407, 2408, 2409, 2410, 2411, 2412, 2413, 2414, 2415, 2417, 2418, 2419, 2420, 2423, 2424, 2425, 2426, 2427, 2428, 2430, 2431, 2432, 2433, 2434, 2436, 2437, 2438, 2439, 2445, 2449, 2450, 2452, 2460 എന്നീ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

LIBRARY ARCHIVES Kerala Legislative Assembly